**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1745** **13-02-2025 - ൽ മറുപടിയ്ക്ക്**

**അംഗനവാടി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | അംഗനവാടികളിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ കൃത്യമായി ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ ഇവർക്ക് നൽകുന്ന പെൻഷൻ തുക എത്രയാണെന്നും തുച്ഛമായ പ്രസ്തുത പെൻഷൻ കൃത്യമായി നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്താണെന്നും അറിയിക്കുമോ ; | (എ) | (എ) അങ്കണവാടി ക്ഷേമനിധി ബോർഡിൽ നിന്നും വിരമിച്ച വർക്കർമാർക്ക് 2,500/- രൂപയും ഹെൽപ്പർമാർക്ക് 1,500/- രൂപയും പ്രതിമാസ പെൻഷൻ നൽകി വരുന്നു.<br><br>കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിനു 2024-2025 സാമ്പത്തിക വർഷം സർക്കാർ വിഹിതമായി ഇതുവരെ 9,00,00,000/-രൂപ (ഒൻപത് കോടി രൂപ മാത്രം) അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് 2023 ൽ വിരമിച്ച അങ്കണവാടി പ്രവർത്തകർക്ക് 5/23 മുതൽ 10/24 വരെയുള്ള പെൻഷൻ അനുവദിച്ചു നല്കിയിട്ടുണ്ട്. സർക്കാർ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്ന പ്രപ്പോസലുകൾ പരിശോധിച്ച് സർക്കാർ വിഹിതം അനുവദിച്ചു നൽകിവരുന്നുണ്ട്. |
| (ബി) | നിലവിൽ എത്ര മാസത്തെ പെൻഷൻ തുകയാണ് വിതരണം ചെയ്യുവാനുള്ളതെന്ന് വെളിപ്പെടുത്തുമോ ; | (ബി) | (ബി) 2023 വരെ വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് 4 മാസത്തെ (11/24 മുതൽ 2/25 വരെ) പെൻഷനും, 2024 ൽ വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് 10 മാസത്തെ (5/24 മുതൽ 2/25 വരെ) പെൻഷനും കുടിശ്ശികയായി നൽകാനുണ്ട്. |
| (സി) | അംഗനവാടി പെൻഷൻ ലഭിക്കുന്നുവെന്ന കാരണത്താൽ ഇവർക്ക് ലഭിച്ചു കൊണ്ടിരുന്ന 1600 രൂപയുടെ ക്ഷേമ പെൻഷൻ 600 രൂപയായി കുറച്ചിട്ടുണ്ടോ;എങ്കിൽ എന്തടിസ്ഥാനത്തിലാണെന്നും ഏത് ശിപാർശ പ്രകരമാണെന്നും അറിയിക്കുമോ ; | (സി) | (സി) സ.ഉ(എം.എസ്)നം. 97/2020/ധന, തീയതി. 23/09/2020 പ്രകാരം, തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യപെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. 06/07/2018 -ന് മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ലഭിച്ചു വന്നിരുന്ന ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഉച്ഛമായ അംഗനവാടി പെൻഷൻ വർദ്ധിപ്പിച്ച കൃത്യമായി എല്ലാ മാസവും നൽകുന്നതിനും 1600 രൂപ ക്ഷേമ പെൻഷൻ നിലനിർത്തി നൽകുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ഡി) | (ഡി) അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിലെ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തടസമില്ലാതെ പെൻഷൻ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ